## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3208

19/06/2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

# തദ്ദേശസ്വയംഭരണ വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഓവർസിയർമാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ദാസൻ** | **ഡോ.കെ.റ്റി.ജലീൽ**<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |
| (എ) തദ്ദേശസ്വയംഭരണ വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഓവർസിയർമാരുടെ നിയമനം സ്പെഷ്യൽ റൂളിന് അനുസൃതമായാണോ നടത്തുന്നത്; എങ്കിൽ പി.എസ്.സി. മുഖേന നടത്തേണ്ട നിയമനം എത്രയാണ്; പ്രമോഷൻ മൂലം നികത്തേണ്ട നിയമനം എത്രയാണ്; വ്യക്തമാക്കാമോ; | (എ) അതെ. ആകെ കേഡർ സ്ട്രെങ്ങ്തിന്റെ 1:1 എന്ന അനുപാതം അനുസരിച്ചാണ് നിയമനങ്ങൾ നടത്തുന്നത് |
| (ബി) സംസ്ഥാനത്ത് പ്രമോഷൻ മൂലം സെക്കന്റ് ഓവർസിയർ ഗ്രേഡിൽ വന്ന 157 ഒഴിവുകളിൽ എത്ര ഒഴിവുകളിലേക്ക് പി.എസ്.സി.മുഖേന നിയമനം നടത്തിയിട്ടുണ്ട്; നടത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) കോടതി ഉത്തരവ് പ്രകാരം രണ്ടാംതരം ഓവർസിയർ തസ്തികയിൽ നിന്നും ഒന്നാംതരം ഓവർസിയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയതുവഴി ഉണ്ടായ 156 ഒഴിവുകളിൽ 12 ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തിയിട്ടുണ്ട്. കേരള തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 2007 പ്രകാരം നേരിട്ട്/സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനത്തിന്റെ അനുപാതം 1:1 ആണ്. എന്നാൽ മേൽപ്രകാരമുള്ള 156 ഒഴിവുകളിൽ 144 ഒഴിവുകൾ മൂന്നാംതരം ഓവർസിയർമാരിൽ നിന്ന് സ്ഥാനക്കയറ്റം മുഖേനയും 12 ഒഴിവുകൾ പി.എസ്.സി മുഖേനയും നികത്തേണ്ടവയായതിനാൽ മേൽ 1:1 അനുപാതം പാലിക്കുന്നതിനായി പ്രൊമോഷൻ ലഭിച്ചവർ ഏത് വിഭാഗത്തിൽപ്പെട്ടവരാണോ (നേരിട്ട്/സ്ഥാനക്കയറ്റം) എന്ന് കണക്കാക്കിയാണ്, നിയമനം നടത്തിയിട്ടുള്ളത്. |

| | |
|---|---|
| (സി) സെക്കന്റ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന ആകെ ജീവനക്കാരിൽ എത്ര പേർ പ്രമോഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു; എത്ര പേർ നേരിട്ട് പി.എസ്.സി.നിയമനം കിട്ടിയവരായി ജോലി ചെയ്യുന്നു; ആകെ എത്ര പേർ ജോലി ചെയ്യുന്നു; വ്യക്തമാക്കാമോ? | (സി) പ്രൊമോഷൻ മുഖേന നിയമനം ലഭിച്ച 404 പേരും, പി.എസ്.സി മുഖേന നിയമിതരായ 364 പേരും ജോലി ചെയ്യുന്നു. ആകെ 768 പേർ. |

**സെക്ഷൻ ഓഫീസർ**